**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 292** **09.03.2015-ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസ് വേദികൾക്കായുള്ള അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ദേശീയ ഗെയിംസ് വേദികൾക്കാവശ്യമായ അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ടെണ്ടർ വിളിച്ചത് ഏത് തീയതിയിലാണ്, ഏതെല്ലാം പത്രങ്ങളിൽ ഇതിനായി ടെണ്ടർ പരസ്യം നല്കുകയുണ്ടായി, സർക്കാർ വെബ്സൈറ്റിലും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ വെബ്സൈറ്റിലും ഈ പരസ്യം നല്കിയത് ഏത് തീയതിയിലായിരുന്നു എന്നിവ സംബന്ധിച്ച വിവരങ്ങൾ നല്കാമോ; | (എ) അഗ്നിശമനസുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ഇ-ടെൻഡർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 24.12.2014 ൽ etender.kerala.gov.in വെബ്സൈറ്റിലും, www.kerala2015.in എന്ന ദേശീയഗെയിംസ് സെക്രട്ടേറിയറ്റ് വെബ്സൈറ്റിലും RFP പ്രസിദ്ധീകരിച്ചിട്ടുണ്ട്. e-tender സമർപ്പിക്കാനുള്ള അവസാന തീയതി 09.01.2015 വൈകിട്ട് 5 മണി ആണെന്ന് സൂചിപ്പിക്കുന്ന പത്ര പരസ്യം 08.01.2015ൽ മലയാള മനോരമ, ഹിന്ദുസ്ഥാൻ ടൈംസ് എന്നീ പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സുതാര്യമായ നടപടികളില്ലാതെ ധൃതിപിടിച്ച് ടെണ്ടർ വിളിക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം എന്തായിരുന്നു; അഗ്നിശമന സുരക്ഷാ ഉപകരണങ്ങളുടെ ആവശ്യം മുൻകൂട്ടി കാണാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ലേ എന്ന് വ്യക്തമാക്കാമോ ? | (ബി) വേദികൾക്കാവശ്യമായ അഗ്നിശമനസുരക്ഷാ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് ശുപാർശ നൽകിയത് അഗ്നിശമന സേനാ കമാൻഡന്റ് ജനറലാണ്. ശുപാർശ ചെയ്ത 14 ഇനങ്ങളിൽ 8 എണ്ണം മാത്രം വാങ്ങിയാൽ മതിയെന്നും ആകെ ചെലവ് ഒരു കോടിയിൽ അധികരിക്കരുതെന്നും 22.12.2014ൽ കൂടിയ പർച്ചേസ് കമ്മറ്റി പരിശോധിച്ച് ശുപാർശ ചെയ്തു. 24.12.2014 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി ഇതു അംഗീകരിക്കുകയും അന്നു തന്നെ e-tender വെബ്പോർട്ടലിൽ RFP പ്രസിദ്ധീകരിക്കുകയും ചെയ്തു. ആവശ്യം യഥാസമയം പരിശോധിക്കുകയും, അത്യാവശ്യമായ ഇനങ്ങൾ നിശ്ചിത തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തി വാങ്ങാൻ ഉത്തരവാദിത്തപ്പെട്ട കമ്മിറ്റികൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, സുതാര്യമായിത്തന്നെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ടെണ്ടറിൽ പങ്കെടുത്തവർ ആരോക്കെയെന്നും ആരിൽ നിന്നെല്ലാം ക്വാട്ട് വാങ്ങുകയുണ്ടായെന്നും അറിയിക്കാമോ; | (സി) | ടെണ്ടറിൽ പങ്കെടുത്തത് കൊച്ചിൻ ഫയർടെക് എന്ന സ്ഥാപനം മാത്രമാണ്. |
| (ഡി) | മൊത്തം എത്ര തുകയുടെ ഉപകരണങ്ങൾ വാങ്ങിക്കുകയുണ്ടായി എന്ന് അറിയിക്കാമോ; ഉപകരണങ്ങൾക്ക് വേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കാമോ; | (ഡി) | മൊത്തം 76,95,810/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. ഉപകരണങ്ങൾ വാങ്ങാനായി എസ്റ്റിമേറ്റ് തുക ടെണ്ടർ പരസ്യത്തിൽ പറയാറില്ല. |
| (ഇ) | ടെണ്ടറുമായി ബന്ധപ്പെട്ടുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ എന്ന് വിശദമാക്കാമോ ? | (ഇ) | ടെണ്ടർ സംബന്ധിച്ച് പ്രത്യേക പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ